## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5095 — 27-06-2019 ൽ മറുപടിയ്ക്ക്

### ഫയർ ആന്റ് റസ്ക്യൂ സർവ്വീസസിന്റെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| | **ശ്രീ.സി.ദിവാകരൻ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.വി.ആർ.സുനിൽകുമാർ**<br>**ശ്രീ.കെ.രാജൻ** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്ത് ഫയർ ആന്റ് റസ്ക്യൂ സർവ്വീസസിന്റെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന ധാരാളം കെട്ടിടങ്ങൾ ഉണ്ടെന്നത് വിലയിരുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) | പ്രസ്തുത വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് നോട്ടീസ് നല്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തൊക്കെ തുടർനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) നൽകിയിട്ടുണ്ട്. നോട്ടീസ് നൽകിയിട്ടും ഫയർ എൻ.ഒ.സി. എടുക്കാത്ത കെട്ടിടങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്കും കത്ത് നൽകിയിട്ടുണ്ട്. |
| സി) | സംസ്ഥാനത്ത് വലിയ കെട്ടിടങ്ങളിൽ തീപിടുത്തം ഉണ്ടാകാനുള്ള സാധ്യതയും ഉണ്ടായാൽ അത് കെടുത്തുന്നതിനുള്ള ഫയർഫോഴ്സിന്റെ ശേഷിയും പരിശോധിച്ചിട്ടുണ്ടോ; | സി) ഉണ്ട്. അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ഫോം ടെണ്ടർ, വാട്ടർ ബൗസർ എന്നിവ വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| ഡി) | വാട്ടർ ടെണ്ടറുകളും ഹൈഡ്രോളിക് റെസ്ക്യൂ ടൂളും ആവശ്യത്തിനുണ്ടോയെന്ന് അറിയിക്കുമോ; | ഡി) വകുപ്പിൽ നിലവിൽ 191 വാട്ടർ ടെണ്ടറുകളും, 77 മിനി വാട്ടർ ടെണ്ടറുകളും 12 മിനി വാട്ടർ ടെണ്ടർ വിത്ത് വാട്ടർ മിസ്റ്റുകളും, 35 എണ്ണം വാട്ടർ മിസ്റ്റുകളും, 10 എണ്ണം വാട്ടർ ബൗസറുകളും, 10 എണ്ണം ഫോം ടെണ്ടറുകളും, 35 എണ്ണം വാട്ടർ ലോറികളും നിലവിലുണ്ട്. കൂടാതെ 92 എണ്ണം ഹൈഡ്രോളിക് റെസ്ക്യൂ ടൂൾ സെറ്റുകളും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| ഇ) | ഇത്തരത്തിൽ ഉയർന്ന കെട്ടിടങ്ങളിലെയും ഫ്ലാറ്റുകളിലെയും അഞ്ചാം നിലക്ക് മുകളിൽ തീപിടുത്തം നേരിടുന്നതിന് ആവശ്യമായ യന്ത്രസാമഗ്രികൾ ഫയർഫോഴ്സിന്റെ കൈവശമുണ്ടോ; ഇല്ലെങ്കിൽ അവ വാങ്ങിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ഇ) | നിലവിൽ ലഭ്യമല്ല. 60 മീറ്റർവരെ ഉയരത്തിലുള്ള ബഹുനില കെട്ടിടങ്ങളിൽ ഉണ്ടാകുന്ന തീപിടുത്തം പോലുള്ള അപകടങ്ങൾ നേരിടുന്നതിനായി 28 കോടി രൂപയ്ക്ക് 2 എണ്ണം ടേൺ ടേബിൾ ലാഡർ (ടി.ടി.എൽ) വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| എഫ്) | പല കെട്ടിടങ്ങളിലും ഫ്ലാറ്റുകളിലും തീപിടുത്തമുണ്ടായാൽ ഫയർ ഫോഴ്സ് വാഹനങ്ങൾക്ക് അവിടെ എത്തുന്നതിന് ആവശ്യമായ വീതിയുള്ള റോഡ് ഇല്ലാത്ത കാര്യം പരിശോധിച്ചിട്ടുണ്ടോ; ഈ സ്ഥിതി പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | എഫ്) | പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനയിൽ ചില ബഹുനില കെട്ടിടങ്ങളിലും ഫ്ളാറ്റുകളിലും രക്ഷാപ്രവർത്തനങ്ങൾക്കായി അഗ്നിശമന വാഹനങ്ങൾക്ക് കടന്നു പോകുവാൻ ആവശ്യമായ വീതിയുള്ള റോഡുകളില്ലാ എന്ന് ബോധ്യപ്പെട്ടിരുന്നു. ആയത് പരിഹരിക്കുന്നതിനായി കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ